# സഹൃദയ വീഥി

SAHRUDAYA WELFARE SERVICES ERNAKULAM

വെൽഫെയർ സർവീസസ് എറണാകുളം

പ്രതിവാര വാർത്ത പത്രിക

Vol. : 1 | 26 April 2021 | Issue : 5


## കോവിഡ് ബാധിതയുടെ മൃതസംസ്കാര ചടങ്ങുകൾക്ക് നേതൃത്വം നൽകി സഹൃദയ സമരിറ്റൻസ്.



തൃപ്പൂണിത്തുറ : തൃപ്പൂണിത്തുറ സെന്റ് മേരീസ് ഇടവകയിൽ കോവിഡ് ബാധിച്ചു മരണമടഞ്ഞ തിരുവാങ്കുളം സ്വദേശിനിയായ ഇരുപത്തിമൂന്നുവയസ്സുകാരിയുടെ മൃതസംസ്കാര ചടങ്ങുകൾക്ക് നേതൃത്വം നൽകി സഹൃദയ സമരിറ്റൻസ്. കോവിഡ് പ്രോട്ടോകോൾ പ്രകാരം ഇടവക സഹവികാരി ഫാ. ജെസാബ് ഇഞ്ചക്കാട്ടുമണ്ണിൽ കാർമികത്വം വഹിച്ച ചടങ്ങിൽ ഫാ. മാത്യു തച്ചിൽ, ഫാ. പെറ്റ്സൺ തെക്കിനേടത്ത്, സഹൃദയ സ്റ്റാഫ് അംഗങ്ങളായ അനന്തു ഷാജി, ഷിംജോ ദേവസ്യ, ലാൽ കുരിശിങ്കൽ, റോഷിൻ സന്തോഷ് എന്നീ സമരിറ്റൻസ് സന്നദ്ധപ്രവർത്തകരാണ് മൃതസംസ്കാരകർമ്മത്തിൽ സഹകാരികളായത്.. ഒരുവർഷത്തിനുള്ളിൽ അമ്പതിലേറെ കോവിഡ് മൃതസംസ്കാരകർമ്മങ്ങൾക്ക് സഹൃദയ സമരിറ്റൻസ് സഹകാരികളായിട്ടുണ്ട്.

## ലേബർ ക്യാമ്പിലെ അതിഥി തൊഴിലാളികൾക്ക് മാസ്ക് വിതരണം

എറണാകുളംഅങ്കമാലി അതിരൂപത സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സുധർ പദ്ധതിയുടെ ഭാഗമായി മരട് ലേബർ ക്യാമ്പിൽ സൗജന്യ മാസ്ക് വിതരണം നടത്തി. നൂറോളം അതിഥി തൊഴിലാളികൾക്ക് വേ്ി വിതരണം ചെയ്ത മാസ്കുകൾ തൊഴിലാളി പ്രതിനിധികൾ ഏറ്റുവാങ്ങി. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ മാസ്കുകൾ വിതരണം ചെയ്തു. പ്രോഗ്രാം കോ ഓർഡിനേറ്റർ അനന്തു ഷാജി, ലാലച്ചൻ കെ.ജെ, മാർട്ടിൻ വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.



## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സഹൃദയ സമരിറ്റൻസ് സന്നദ്ധപ്രവർത്തകർക്കായി വെബ്ബിനാർ നടത്തി.

എറണാകുളംഅങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ സന്നദ്ധപ്രവർത്തന സംഘടനയായ സഹൃദയ സമരിറ്റൻസിൻറെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർക്കായി വെബ്ബിനാർ സംഘടിപ്പിച്ചു. അനിയന്ത്രിതമായ രീതിയിൽ രോഗവ്യാപനം നടക്കുകയും കണ്ടെയിൻമെന്റ് സോണുകൾ ദിനംപ്രതി കൂടുകയും മരണനിരക്ക് കുത്തനെ ഉയരുകയും ചെയ്യുന്ന സാഹചര്യം രൂപതാതിർത്തികളിൽ റിപ്പോർട്ട് ചെയപെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു മീറ്റിംഗ് സംഘടിപ്പിച്ചത്. ഈ സാഹചര്യത്തെ ഫലപ്രദമായി ഒരുമിച്ചു നേരിടുന്നതിനും സർക്കാർ പ്രവർത്തനങ്ങൾക്കൊപ്പം സന്നദ്ധ പ്രവർത്തനത്തിന്റെ വലിയൊരു ആവശ്യകതയുണ്ട് എന്നു സഹൃദയയുടെ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അഭിപ്രായപ്പെട്ടു. കോവിഡ് ബാധിതരുടെ മൃതസംസ്കാര കർമ്മങ്ങളുടെ നേതൃത്വം നൽകുന്ന സമരിറ്റൻസ് പ്രവർത്തകരെ പ്രത്യേകം അഭിനന്ദിച്ചു. ഈ ഘട്ടത്തിൽ സമരിറ്റൻസിന്റെ പ്രവർത്തന മേഖലകളിൽ (ഇടവകകളിൽ / ഗ്രാമതലങ്ങളിൽ) നമ്മുടെ ഇടപെടലുകൾ എപ്രകാരമായിരിക്കണമെന്നതിനെ പറ്റി തുടർന്ന് നടന്ന ചർച്ചയിൽ സന്നദ്ധ പ്രവർത്തകർ അവരവരുടെ അഭിപ്രായങ്ങൾ അറിയിച്ചു.

സമരിറ്റൻസ് ഹെൽപ് ഡെസ്കും ഫൊറോനാതലത്തിൽ കോർഡിനേറ്റർമാരുടെ മീറ്റിംഗും അടിയന്തരമായി നടപ്പാക്കണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

## സ്വയംതൊഴിൽ വായ്പ വിതരണം

സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോക്രഡിറ്റിന്റെ ആഭിമുഖ്യത്തിൽ 210 സഹൃദയ സ്വയം സഹായ സംഘങ്ങൾ വഴി 393,33,200 രൂപ സ്വയംതൊഴിൽ വായ്പയായി ഏപ്രിൽ മാസം വിതരണം ചെയ്തു. വിവിധ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച സംഘം ഭാരവാഹികളുടെ മീറ്റിംഗുകളിൽ സംഘം പ്രതിനിധികൾ വായ്പ ഏറ്റുവാങ്ങി. കൊവിഡ് കാലത്ത് ഈ വായ്പ ഏറെ സഹായകരമാണെന്ന് സംഘം പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

## സഹൃദയ സൗരോർജത്തിലേക്ക്



സഹൃദയയിൽ 24 കിലോ വാട്ട് ശേഷിയുള്ള സൗരോർജ പ്ളാൻറ് സ്ഥാപിതമായി. സഹൃദയയുടെ പരിസ്ഥിതി പരിപാലന വിഭാഗമായ സഹൃദയ ടെക്കിന്റെ നേതൃത്വത്തിലാണ് സൗരോർജ പ്ളാൻറ് സ്ഥാപിച്ചത്. ഇനിമുതൽ സഹൃദയ ഓഫീസ് വൈദ്യുതി ആവശ്യങ്ങൾ  പൂർണമായും സൗരോർജത്തിൽ നിർവഹിക്കാനാകുമെന്ന് ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു. ആവശ്യത്തിന് ശേഷം മിച്ചം വരുന്ന വൈദ്യുതി കെ.എസ് ഇ ബി യിലേക്ക് നൽകുന്നരീതിയിലാണ് പ്ലാന്റ് ക്രമീകരിച്ചിട്ടുള്ളത്.

സൗരോർജ മേഖലയിൽ മികച്ച മുന്നേറ്റം നടത്തിവരുന്ന സഹൃദയ ഇക്കഴിഞ്ഞവർഷം 200 കിലോ വാട്ട്  ശേഷിയുള്ള സോളാർ പ്ലാന്റുകൾ വിവിധ സ്ഥാപനങ്ങളിലും വീടുകളിലുമായി സ്ഥാപിച്ചുകഴിഞ്ഞു. മികച്ച ഗുണനിലവാരമുള്ള ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ സ്ഥാപിച്ചു നല്കുന്നുവെന്നതാണ് സഹൃദയ പ്ലാന്റുകളെ ആകർഷകമാക്കുന്നത്.

